# ആദായ നികുതി

## ഉറവിടത്തിൽ നിന്നുള്ള കിഴിവും ഉറവിടത്തിൽ നിന്നുള്ള പിരിച്ചെടുക്കലും

## (ടി.ഡി.എസ് & ടി.സി.എസ്)

# Income Tax

## Deducted at Source

## &

## Collected at Source

## കുറിപ്പുകൾ

(രണ്ടാം പതിപ്പ്)

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# I

# ആദായ നികുതി - ഉറവിടത്തിൽ നിന്നുള്ള കിഴിവ്

# (Income Tax Deducted at Source-TDS)

ഒരു വ്യക്തിയുടെ ആദായത്തിൽ നിന്നോ സമ്പത്തിൽ നിന്നോ ഈടാക്കുന്ന പ്രത്യക്ഷ നികുതിയാണ് (Direct Tax) ആദായ നികുതി. ഇന്ത്യയിൽ ആദായ നികുതി ഈടാക്കുന്നതിനെ നിയന്ത്രിക്കുന്നത് 1961 ലെ ആദായ നികുതി നിയമമാണ്(Income Tax Act, 1961). ഈ നിയമം 01-04-1962 മുതൽ പ്രാബല്യത്തിൽ വന്നു.

1961 ലെ ആദായ നികുതി നിയമത്തിലെ 192 മുതൽ 194എസ് വരെയുള്ള വിവിധ സെക്ഷനുകളിൽ സൂചിപ്പിച്ചിട്ടുള്ള ഇനങ്ങളുമായി ബന്ധപ്പെട്ട വ്യക്തിക്ക് തുക അനുവദിക്കുമ്പോൾ തുക നൽകുന്ന വ്യക്തി ഒരു നിശ്ചിത ശതമാനം തുക ഉറവിടത്തിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി കിഴിവ് വരുത്തേണ്ടതാണ്. ആയത് TDS (Tax Deducted at Source) എന്ന് അറിയപ്പെടുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനും (preventing tax evasion) കേന്ദ്ര സർക്കാരിന് സ്ഥിര വരുമാനം (stable income) ഉറപ്പാക്കുന്നതിനും TDS സഹായിക്കുന്നു.

ഉറവിടത്തിൽ നിന്നും തുക കിഴിവ് ചെയ്യുന്ന വ്യക്തിക്ക് PAN (Permanent Account Number), TAN(Tax Deduction and Collection Account Number) നമ്പർ (സെക്ഷൻ 203A) എന്നിവ ഉണ്ടാകേണ്ടതാണ്. TDS റിട്ടേണുകൾ ഫയൽ ചെയ്യുവാൻ TAN നിർബന്ധമാണ്.

## വ്യക്തി (Person) എന്ന നിർവചനത്തിനു കീഴിൽ ഉൾപ്പെടുന്നവർ

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 2 ലെ ഖണ്ഡം 31 പ്രകാരം വ്യക്തി എന്നതിൽ താഴെ പറയുന്ന വിഭാഗങ്ങൾ ഉൾപ്പെടുന്നതാണ്.

- *An Individual*
- *Hindu Undivided Family (HUF)*
- *A Company*
- *A Firm*
- *An Association of persons or a body of individual*
- *A Local Authority (Panchayath, Municipality, etc.)*
- *Artificial juridical person*

## TDS നടത്തുവാൻ ബാധ്യസ്ഥരായ നിർദ്ദിഷ്ട വ്യക്തികൾ (Specified Persons)

- *The Central or State Government*
- *Any Local Authority (Panchayath, Municipality, etc)*
- *Any Corporation established by the Central, State or Provincial Act*
- *Any Company*
- *Any Co-Operative Society*
- *Any Authority*
- *Any Society*
- *Any Trust*
- *Any University*
- *The university established / incorporated by Central, State or Provincial Act*
- *Any firm; etc.*

## പ്രധാന ഇനങ്ങളുടെ ടി.ഡി.എസ് നിരക്ക്

1961 ലെ ആദായ നികുതി നിയമം അനുസരിച്ച് ഉറവിടത്തിൽ നിന്നും കിഴിവ് ചെയ്യേണ്ട പ്രധാന ഇനങ്ങളുടെ നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | സെക്ഷൻ | ടി.ഡി.എസ് നിരക്ക് |
|---|---|---|
| ശമ്പളം (Salary) | 192 | വരുമാനത്തിന്റെ സ്ലാബ് അനുസരിച്ച് വിവിധ നിരക്കുകളിൽ. |
| **വിവിധ പ്രവൃത്തികളുടെ കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ ബാധകമായ ടി.ഡി.എസ് നിരക്കുകൾ** | | |
| പ്രവൃത്തികളുടെ **(Works)** കരാറുകാർക്കും ഉപ കരാറുകാർക്കും തുക അനുവദിക്കുമ്പോൾ (Payment to contractors and Sub-Contractors) | 194C | ഒരു നിർദ്ദിഷ്ട വ്യക്തിയും കരാറുകാരനും തമ്മിലുള്ള ഒരുകരാറിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ കരാറുകാരന് തുക അനുവദിക്കുമ്പോൾ (ഏതെങ്കിലും പ്രവൃത്തിക്കുള്ള ലേബർ കോൺട്രാക്ട് വിതരണം ഉൾപ്പെടെ) താഴെ പറയും പ്രകാരം ടി.ഡി.എസ് നടത്തേണ്ടതാണ്.<br>• വ്യക്തികൾക്ക്/HUF - 1%<br>• മറ്റുള്ളവർക്ക് (വ്യക്തികൾ/HUF ഒഴികെയുള്ളവർ) - 2%<br>• PAN കാർഡ് ഇല്ലാത്തവർക്ക് -20% |

## പ്രവൃത്തികൾ (Works)

പ്രവൃത്തികൾ എന്നതിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നതാണ്.

1. പരസ്യം ചെയ്യൽ (Advertising)

2. പ്രക്ഷേപണവും സംപ്രേക്ഷണവും അല്ലെങ്കിൽ ടെലികാസ്റ്റിംഗ് (പ്രോഗ്രാമുകളുടെ നിർമ്മാണം ഉൾപ്പെടെ)

   (broadcasting and telecasting including production of programmes for such broadcasting or telecasting)

3. റെയിൽവെ മുഖേനയല്ലാതെ ചരക്കുകളോ യാത്രക്കാരെയോ മറ്റേതെങ്കിലും ഗതാഗത മാർഗ്ഗത്തിലൂടെ കൊണ്ടുപോവുക.

   (carriage of goods or passengers by any mode of transport other than by railways)

   - *ചരക്ക് വാഹനങ്ങൾ(goods carriages) വാടകയ്ക്ക് നൽകുന്ന കരാറുകാരൻ മുൻ സാമ്പത്തിക വർഷത്തിൽ പത്തോ അതിൽ കുറവോ വാഹനങ്ങൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന സത്യവാങ്മൂലം പാൻ നമ്പർ സഹിതം സമർപ്പിച്ചാൽ ടി.ഡി.എസ് ബാധകമാകുന്നതല്ല).*

4. കാറ്ററിംഗ് (Catering)

5. ഉപഭോക്താവിൽ നിന്ന് വാങ്ങിയ മെറ്റീരിയൽ ഉപയോഗിച്ച് ഉപഭോക്താവിന്റെ ആവശ്യകത അല്ലെങ്കിൽ സ്പെസിഫിക്കേഷൻ അനുസരിച്ച് ഒരു ഉൽപ്പന്നം നിർമ്മിക്കുക അല്ലെങ്കിൽ വിതരണം ചെയ്യുക. *(കസ്റ്റമറിൽ നിന്നല്ലാതെ മറ്റേതെങ്കിലും വ്യക്തിയിൽ നിന്ന് മെറ്റീരിയൽ വാങ്ങുകയാണെങ്കിൽ ആയത് Works എന്നതിൽ ഉൾപ്പെടുന്നതല്ല).*

## ടി.ഡി.എസ് ഈടാക്കുന്നതിനുള്ള തുകയുടെ പരിധി

- ഒരു കരാറിലെ ഒരു ബിൽ തുക 30,000 രൂപയിൽ കുറവാണെങ്കിൽ (Single payment for a contract) ടി.ഡി.എസ് ബാധകമല്ല. ഒരു സാമ്പത്തിക വർഷത്തിൽ നൽകുന്ന മൊത്തം തുക 1,00,000 രൂപയിൽ കൂടിയാൽ ടി.ഡി.എസ് ബാധകമാകുന്നതാണ്.

(TDS would be deducted if the payments for the contractors exceeds Rs.30,000 in a single payment or 1,00,000 in the aggregate during the financial year).

| വാടക (Rent/Lease/Sublease/Tenancy) | | |
|---|---|---|
| മെഷിനറികൾ/ പ്ലാന്റുകൾ/ ഉപകരണങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് (Rent for the use of any Machinery or Plant or Equipment) | 194-I(a) | 2% |
| ഏതെങ്കിലും ഭൂമി/കെട്ടിടങ്ങൾ(ഫാക്ടറി കെട്ടിടം ഉൾപ്പെടെ)/ഒരു കെട്ടിടത്തിന് അനുബന്ധമായ ഭൂമി(ഫാക്ടറി കെട്ടിടം ഉൾപ്പെടെ)/ ഫർണീച്ചറുകൾ/ഫിറ്റിംഗുകൾ എന്നിവ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് ( Rent for the use of any land or building (including factory building) or land appurtenant to a building (including factory building) or furniture or fittings) | 194-I(b) | 10% |

- വാടക വരുമാനം നൽകുന്നതിന് ഉത്തരവാദിയായ വ്യക്തി/HUF ഒഴികെയുള്ള വ്യക്തികൾ TDS നടത്തുവാൻ ബാധ്യസ്ഥരാണ്.
- *വാർഷിക വാടക 2,40,000 രൂപയ്ക്ക് മുകളിൽ ആണെങ്കിൽ മാത്രമേ വാടകയ്ക്ക് ടി.ഡി.എസ് ബാധകമാവുകയുള്ളൂ.*

<table>
<tr><th colspan="3">കൃഷി ഭൂമി ഒഴികെയുള്ള ചില സ്ഥാവര വസ്തുക്കളുടെ കൈമാറ്റം<br>(transfer of certain immovable property)</th></tr>
<tr><td>ചില സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് തുക അനുവദിക്കൽ (കാർഷിക ഭൂമി ഒഴികെയുള്ള ഭൂമി/ഏതെങ്കിലും കെട്ടിടം/കെട്ടിടത്തിന്റെ ഭാഗം)<br>(Payment on transfer of certain immovable property (land other than agricultural land or any building or part of a building)</td><td>194-IA</td><td>വിലയുടെ 1% അല്ലെങ്കിൽ മുദ്രവിലയുടെ 1%, ഏതാണോ വലുത് ആയത്.</td></tr>
<tr><td colspan="3">• 50 ലക്ഷം രൂപയിൽ താഴെയുള്ള കൈമാറ്റത്തിന് (മുദ്രവില ഉൾപ്പെടെ) ടി.ഡി.എസ് ബാധകമല്ല.</td></tr>
<tr><th colspan="3">പ്രൊഫഷണൽ സേവനങ്ങൾ/ സാങ്കേതിക സേവനങ്ങൾ<br>(professional or technical services)</th></tr>
<tr><td>സാങ്കേതിക സേവനങ്ങൾക്കുള്ള ഫീസ് (പ്രൊഫഷണൽ സേവനങ്ങൾ അല്ലാത്തവ)/റോയൽറ്റി/കാൾ സെന്റർ<br>Fees for technical services (not being a professional services) or royalty etc.</td><td rowspan="2">194J</td><td>2%</td></tr>
<tr><td>മറ്റുള്ള സേവനങ്ങൾ (പ്രൊഫഷണൽ സേവനം ഉൾപ്പെടെ)</td><td>10%</td></tr>
<tr><td colspan="3">• സാങ്കേതിക സേവനങ്ങൾ/പ്രൊഫണൽ സേവനങ്ങൾ/റോയൽറ്റി എന്നിവയ്ക്ക് നൽകുന്ന തുക ഒരു സാമ്പത്തിക വർഷത്തിൽ 30,000 രൂപയിൽ കൂടുതലാണെങ്കിൽ മാത്രമേ സെക്ഷൻ 194J പ്രകാരമുള്ള ടി.ഡി.എസ് ബാധകമാവുകയുള്ളൂ.</td></tr>
</table>

## പ്രൊഫഷണൽ സേവനങ്ങൾ (Professional Services)

നിയമം/ വൈദ്യശാസ്ത്രം/ എഞ്ചിനിയറിംഗ്/ ആർക്കിടെക്ച്ചറൽ പ്രൊഫഷൻ, അക്കൗണ്ടൻസി പ്രൊഫഷൻ, സാങ്കേതിക കൺസൾട്ടൻസി/ ഇന്റീരിയർ ഡെക്കറേഷൻ/ അഡ്വർട്ടൈസിംഗ് എന്നീ മേഖലകളിലുള്ള വ്യക്തി നൽകുന്ന സേവനങ്ങൾ/ സെക്ഷൻ 44AA പ്രകാരമുള്ള മറ്റേതെങ്കിലും സേവനം.

"Professional services" means services rendered by a person in the course of carrying on legal, medical, engineering or architectural profession or the profession of accountancy or technical consultancy or interior decoration or advertising or such other profession as is notified by the Board for the purposes of section 44AA or of this section.

## സാങ്കേതിക സേവനങ്ങൾക്കുള്ള ഫീസ് (Fee Technical Services)

- ഏതെങ്കിലും മാനേജീരിയൽ, സാങ്കേതിക സേവനങ്ങൾ അല്ലെങ്കിൽ കൺസൾട്ടൻസി സേവനങ്ങൾ (managerial, technical or consultancy services) എന്നിവയ്ക്കുള്ള ഫീസ്.
- *ഏതെങ്കിലും നിർമ്മാണം, അസംബ്ലി, മൈനിംഗ് പോലുള്ള പ്രോജക്റ്റുകൾക്കുള്ള (construction, assembly, mining or like project) പ്രതിഫലമോ, ശമ്പളം എന്ന ഹെഡിൽ ഉൾപ്പെടുന്ന പ്രതിഫലമോ (income of the recipient chargeable under the head "Salaries") സാങ്കേതിക സേവനങ്ങൾക്കുള്ള ഫീസിൽ ഉൾപ്പെടുന്നതല്ല.*

<table>
<tr><th colspan="3">സാധനങ്ങൾ വാങ്ങലിന് ബാധകമായ ടി.ഡി.എസ്<br>TDS for the purchase of goods<br>(01-07-2021 മുതൽ ബാധകം)</th></tr>
<tr><td>സാധനങ്ങൾ വാങ്ങുന്നതിനുള്ള തുക നൽകൽ (Payments for the purchase of goods)</td><td>194Q</td><td>50 ലക്ഷം രൂപയിൽ കൂടുതലുള്ള തുകയുടെ 0.1%</td></tr>
<tr><td colspan="3">

- മുൻ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള അല്ലെങ്കിൽ മൊത്തം തുക 50 ലക്ഷം രൂപയിൽ കൂടുതലുള്ള സാധനങ്ങൾ വാങ്ങുന്നയാൾ(Buyer) വിൽപ്പനക്കാരന്(Seller) തുക അനുവദിക്കുമ്പോൾ 50 ലക്ഷം രൂപയിൽ കൂടുതൽ ഉള്ള തുകയുടെ 0.1% ആണ് ടി.ഡി.എസ് ആയി ഈടാക്കേണ്ടത്.

  *(Any person, being a buyer who is responsible for paying any sum to any seller for purchase of any goods of the value or aggregate of such value exceeding fifty lakh rupees in any previous year, shall, deduct an amount equal to 0.1 per cent of such sum exceeding fifty lakh rupees as income-tax).*
- വാങ്ങുന്നയാൾ(Buyer) എന്നാൽ സാധനങ്ങൾ വാങ്ങുന്ന സാമ്പത്തിക വർഷത്തിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ അവർ നടത്തിയ ബിസിനസിൽ നിന്നുള്ള മൊത്ത വിൽപ്പന, മൊത്ത വരവ്, അല്ലെങ്കിൽ വിറ്റുവരവ് 10 കോടി രൂപയിൽ കൂടുതലുള്ള വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്.

  ("Buyer" means a person whose total sales, gross receipts or turnover from the business carried on by him exceed ten crore rupees during the financial year immediately preceding the financial year in which the purchase of goods is carried out).
- കേന്ദ്ര സർക്കാരിന് ഈ ആവശ്യത്തിലേക്കായി വിജ്ഞാപനം/മാർഗ്ഗരേഖകൾ പുറപ്പെടുവിക്കാവുന്നതാണ്.
- *സെക്ഷൻ 194Q പ്രകാരമുള്ള ടി.ഡി.എസ് നടത്തുന്നതിനുമുമ്പ് ബിസിനസിന്റെ ടേണോവറും സാധനത്തിന്റെ വിലയും കണക്കിലെടുക്കേണ്ടതാണ്.*

</td></tr>
</table>

- TDS നിരക്കുകളിൽ കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റം നിരീക്ഷിച്ച് കൃത്യമായ TDS നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## TDS തുക ഒടുക്കൽ, റിട്ടേൺ ഫയൽ ചെയ്യൽ

ടി.ഡി.എസ് ആയി ഈടാക്കുന്ന തുക തൊട്ടടുത്ത മാസം ഏഴാം തിയതിക്കകം ഒടുക്കേണ്ടതും റിട്ടേണുകൾ ത്രൈമാസ അടിസ്ഥാനത്തിൽ ഫയൽ ചെയ്യേണ്ടതുമാണ്.

ടി.ഡി.എസ് റിട്ടേണുകൾ താഴെ പറയും തിയതിക്കകം ഫയൽ ചെയ്യേണ്ടതാണ്.

- ഏപ്രിൽ-ജൂൺ - ജൂലൈ 31 നു മുമ്പ്
- ജൂലൈ-സെപ്തംബർ - ഒക്ടോബർ 31 നു മുമ്പ്
- ഒക്ടോബർ-ഡിസംബർ - ജനുവരി 31 നു മുമ്പ്
- ജനുവരി - മാർച്ച് - മെയ് 31 നു മുമ്പ്

✓ ടി.ഡി.എസ് റിട്ടേൺ ഫയൽ ചെയ്യുവാൻ വൈകിയാൽ സെക്ഷൻ 234ഇ പ്രകാരമുള്ള ലേറ്റ് ഫീ ഒടുക്കേണ്ടതാണ്. വൈകുന്ന ഓരോ ദിവസത്തിനും 200 രൂപ വീതം ഒടുക്കേണ്ടതാണ്.

✓ ടി.ഡി.എസ് റിട്ടേൺ ഫയൽ ചെയ്യാതിരുന്നാലും തെറ്റായ വിവരം നൽകിയാലും സെക്ഷൻ 271എച്ച് പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനാണ്. 10000 രൂപ മുതൽ 100000 രൂപ വരെ പിഴ ഈടാക്കാവുന്നതാണ്.

✓ ഡിഡക്ടർ ഡിഡക്റ്റിക്ക് ഒരു ഡിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

✓ ശമ്പളം ഒഴികെയുള്ള വരുമാനത്തിന്റെ (Income other than salary) ടി.ഡി.എസിന് ഫോറം 16എ. ഫോറം 26AS ലും ടി.ഡി.എസ് വിവരം ലഭ്യമാകുന്നതാണ്. രണ്ട് ഫോറങ്ങളും റിട്ടേൺ ഫയൽ ചെയ്യുന്നതിന് സഹായകരമാണ്.

✓ ശമ്പളത്തിന്റെ കാര്യത്തിൽ ഫോറം 16 ആണ് നൽകേണ്ടത്.

# II
# ഉറവിടത്തിൽ നിന്നും നികുതി പിരിച്ചെടുക്കൽ
# (Tax Collected at Source-TCS)

- 1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 206C

വിവിധ സാധനങ്ങളുടെ വില്പന, പാട്ടം/ലൈസൻസ്/കരാർ മുഖേനയുള്ള വസ്തു വകകളുടെ കൈമാറ്റം, വാഹന വില്പന മുതലായ ഇടപാടുകളിൽ ആദായ നികുതി നഷ്ടം ഒഴിവാക്കുന്നതിനായി ഉറവിടത്തിൽ നിന്നും നിശ്ചിത ശതമാനം തുക വില്പനക്കാരൻ പിരിച്ചെടുക്കേണ്ടതാണെന്ന് 1961 ലെ ആദായ നികുതി നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വാങ്ങുന്നയാൾക്ക് ടി.സി.എസിന് ക്രെഡിറ്റ് ക്ലെയിം ചെയ്യാവുന്നതാണ്.

## വില്പനക്കാരൻ (Seller)

ടി.സി.എസിന്റെ ആവശ്യത്തിലേക്കായി വില്പനക്കാരൻ എന്ന വിഭാഗത്തിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നതാണ്.

- കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ലോക്കൽ അതോറിറ്റി, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, നിയമാനുസൃത അതോറിറ്റി, കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനി, പാർട്ണർഷിപ്പ് ഫേമുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആദായ നികുതി നിയമം അനുസരിച്ച് ഒരു പ്രത്യേക സാമ്പത്തിക വർഷത്തിൽ കണക്കുകളുടെ ഓഡിറ്റിന് വിധേയമാകുന്ന വ്യക്തി അല്ലെങ്കിൽ HUF (whose turnover in just preceding FY exceeds Rs. 1 Crore or Rs. 50 Lakhs, as the case may be).

## വാങ്ങുന്നയാൾ (Buyer)

ലേലം, ടെണ്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലൂടെയുള്ള വില്പനയിലൂടെ നിർദ്ദിഷ്ട സ്വഭാവമുള്ള സാധനങ്ങൾ ലഭ്യമാകുന്ന വ്യക്തിയെ വാങ്ങുന്നയാൾ എന്ന് പറയാവുന്നതാണ്.

## ടി.സി.എസ് തുക ഈടാക്കുന്നതിൽ നിന്നും ഒഴിവുള്ള ബയർമാർ

*പൊതുമേഖലാ കമ്പനികൾ, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എംബസി, ഹൈക്കമ്മീഷൻ, വിദേശ രാജ്യത്തെ കോൺസുലേറ്റും മറ്റ് വാണിജ്യ പ്രതിനിധികളും, ലോക്കൽ അതോറിറ്റി, സ്പോർട്സ് ക്ലബ്ബുകൾ, സോഷ്യൽ ക്ലബ്ബുകൾ എന്നീ ബയർമാരെ സ്രോതസ്സിൽ നിന്നും നികുതി ശേഖരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവരിൽ നിന്നും ടി.സി.എസ് ഈടാക്കേണ്ടതില്ല.*

## ഉറവിടത്തിൽനിന്നും വില്പനക്കാരൻ പിരിച്ചെടുക്കേണ്ട നികുതി

✓ സെക്ഷൻ 206C(1)

വില്പനക്കാരനായ(Seller) ഏതൊരു വ്യക്തിയും നിശ്ചിത ഇടപാടുകൾ നടത്തുമ്പോൾ വാങ്ങൽ നടത്തുന്നയാളിൽ നിന്നും(Buyer) ലഭ്യമാകുന്ന തുകയുടെ നിശ്ചിത ശതമാനം നികുതിയായി സ്രോതസ്സിൽ നിന്നും ശേഖരിക്കേണ്ടതാണ്.

ഏതാനും വസ്തുക്കളുടെ വില്പനയിൽ സ്രോതസ്സിൽ നിന്നും പിരിച്ചെടുക്കേണ്ട നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

- **മരം (ഫോറസ്റ്റ് പാട്ടം മുഖേന ലഭ്യമായത്) – 2.5%**
- **മരം (ഫോറസ്റ്റ് പാട്ടം മുഖേനയല്ലാതെ ലഭ്യമായത്) – 2.5%**
- **സ്ക്രാപ് (Scrap) – 1%**
- *"Scrap" means waste and scrap from the manufacture or mechanical working of materials which is definitely not usable as such because of breakage, cutting up, wear and other reasons.*

- വാങ്ങുന്ന വസ്തു വ്യാപാരാവശ്യത്തിന് ഉപയോഗിക്കുകയാണെങ്കിൽ മാത്രമേ നികുതി പിരിച്ചെടുക്കേണ്ടതുള്ളൂ.
- *വാങ്ങുന്ന വസ്തു നിർമ്മാണത്തിനോ സംസ്കരണത്തിനോ സാധനങ്ങളോ വസ്തുക്കളോ നിർമ്മിക്കുന്നതിനോ ഊർജ്ജ ഉത്പാദനത്തിനോ ആണ് ഉപയോഗിക്കുന്നതെന്നും വ്യാപാരാവശ്യത്തിന് ഉപയോഗിക്കുകയില്ല എന്നും നിശ്ചിത ഫോറത്തിൽ സത്യവാങ്മൂലം നൽകിയാൽ സ്രോതസ്സിൽ നിന്നും നികുതി പിരിച്ചെടുക്കണ്ടതില്ല.*

## പാട്ടം/ലൈസൻസ്/എഗ്രിമെന്റ് മുഖേനയുള്ള അവകാശ കൈമാറ്റം - ഉറവിടത്തിൽനിന്നും പിരിച്ചെടുക്കേണ്ട നികുതി

✓ സെക്ഷൻ 206C(1C)

- **പാർക്കിംഗ് ലോട്ട് - 2%**
- **ടോൾ പ്ലാസ - 2%**
- **മൈനിംഗ് ആന്റ് ക്വോറിയിംഗ് - 2%**

*വാങ്ങുന്നയാളിൽ നിന്നും പണമായോ ചെക്ക് ആയോ ഡി.ഡി ആയോ തുക ലഭ്യമാകുമ്പോൾ അല്ലെങ്കിൽ ലഭ്യമാകേണ്ട തുക അക്കൗണ്ടിലേക്ക് വരുമ്പോൾ ടി.സി.എസ് നടത്തേണ്ടതാണ്.*

## മോട്ടോർ വാഹനങ്ങളുടെ വില്പനക്കാരൻ ശേഖരിക്കേണ്ട നികുതി

✓ സെക്ഷൻ 206C(1F)

- 10 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള മോട്ടോർ വാഹനങ്ങൾ വിൽക്കുമ്പോൾ റീടെയിൽ വില്പനക്കാരൻ വാങ്ങുന്നയാളിൽ നിന്ന് 1% തുക നികുതിയായി പിരിച്ചെടുക്കേണ്ടതാണ്. ഈ തുക വില്പനക്കാരൻ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ടാക്സ് കളക്ഷൻ അക്കൗണ്ട് നമ്പർ

സ്രോതസ്സിൽ നിന്നും നികുതി പിരിച്ചെടുക്കുന്ന വ്യക്തിക്ക് ടാക്സ് കളക്ഷൻ അക്കൗണ്ട് നമ്പർ ഉണ്ടായിരിക്കേണ്ടതാണ്.

## ടി.സി.എസ് തുക ഒടുക്കൽ, റിട്ടേൺ

- സർക്കാർ ഓഫീസുകൾ ഈടാക്കുന്ന തുക അന്നേ ദിവസംതന്നെ നിക്ഷേപിക്കേണ്ടതാണ്.
- വില്പനക്കാരൻ മാസത്തിന്റെ അവസാന ദിവസം മുതൽ ഏഴുദിവസത്തിനുള്ളിൽ ടി.സി.എസ് തുക ചലാൻ 281 മുഖേന നിക്ഷേപിക്കേണ്ടതാണ്.
- തുക ഈടാക്കുന്നതിൽ വീഴ്ച്ച വരുത്തുകയോ നിശ്ചിത സമയത്തിനുള്ളിൽ തുക ഒടുക്കുവാൻ വീഴ്ച്ച വരുത്തുകയോ ചെയ്താൽ പ്രതിമാസം അല്ലെങ്കിൽ മാസത്തിന്റെ ഭാഗത്തിന് 1% പിഴ ഒടുക്കേണ്ടതാണ്.
- ടി.സി.എസ് നടത്തുന്നയാൾ Form 27EQ ൽ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.
- Form 27D ൽ വാങ്ങുന്നയാൾക്ക് ടി.സി.എസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

**************

നന്ദി....

*ശ്രീ.ദീപു.പി, അക്കൗണ്ടന്റ്, കേരളശ്ശേരി ഗ്രാമപഞ്ചായത്ത്*

തയ്യാറാക്കിയത്:

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) (റിട്ടയേർഡ്), കെ.എസ്.എ.ഡി

cscholayilttm@gmail.com

9447594110

- *അസ്സൽ നിയമവും അനുബന്ധ രേഖകളും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

തത്തമംഗലം,

25-11-2024